LIBRARY ARCHIVES Kerala Legislative Assembly

## കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം

364 (974) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് ഇറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിനായി കപ്പലുകളുടെ സേവനം ഏതെല്ലാം രീതിയിൽ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനമെങ്കിലും കപ്പൽ മാർഗ്ഗമാക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ ആയതിന് ഏറ്റവും അനുയോജ്യമായ ബദൽ സംവിധാനമെന്ന നിലയിൽ 2013-ൽ ആരംഭിച്ച തീരദേശ കപ്പൽ ഗതാഗത പദ്ധതി ഇടയ്ക്കുവച്ച് തടസ്സപ്പെട്ടു. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇത് കൊല്ലത്തേക്ക് നീട്ടുവാൻ നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്രകണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകിവരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 10% ഇൻസെന്റീവായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 'റൗണ്ട് ദ കോസ്റ്റ്' എന്ന പേരിലുള്ള ഷിപ്പിംഗ് ലൈനാണ് ഇപ്പോൾ തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നത്.

## ലക്ഷദ്വീപിലേയ്ക്ക് ബേപ്പൂർ തുറമുഖം വഴിയുള്ള ചരക്ക് ഗതാഗതം

365 (975) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപുമായി പതിറ്റാണ്ടുകളുടെ ബന്ധമുള്ള ബേപ്പൂർ തുറമുഖത്തെ ഒഴിവാക്കി ദ്വീപിലേയ്ക്കുള്ള ചരക്ക് ഗതാഗതം മംഗളൂരുവിലേയ്ക്ക് മാറ്റാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബേപ്പൂർ തുറമുഖത്തെ ചരക്ക് ഗതാഗതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ കേന്ദ്രസർക്കാർ അറിയിച്ചിരുന്നോ;

&

(സി) ചരക്കുനീക്കം ബേപ്പൂരിൽ നിലനിർത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ബേപ്പൂർ തുറമുഖത്തുനിന്നും കപ്പലുകൾ മംഗലാപുരത്തേയ്ക്ക് മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗികമായ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും തുറമുഖവകുപ്പും സാധ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനും സംസ്ഥാനത്തിന് അനുകൂലമായ തീരുമാനത്തിലെത്തിച്ചേരുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## വടകര നിയോജകമണ്ഡലത്തിലെ തുറമുഖ വകുപ്പിനുകീഴിലെ പ്രവൃത്തികൾ

366 (976) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുറമുഖ വകുപ്പിനു കീഴിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വടകര പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 5-11-2018-ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കുമോ?

വടകര പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 67,99,800 (അറുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്.

(സി) വടകര നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ?

ക്വാർട്ടേഴ്സ് കോമ്പൗണ്ടിന് ചുറ്റുമതിൽ, ഓഫീസിന് ചുറ്റുമതിൽ എന്നീ പദ്ധതികളാണ് നിലവിൽ പരിഗണനയിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly